ഖുത്ബ
7.9.2007
മാൻഹയിം, ജർമ്മനി

# സ്ത്രീകളുടെ ശിക്ഷണകാര്യത്തിൽ ലജ്ന ഇമായില്ലാഹ് ശ്രദ്ധിക്കുക

**അ**ൽഹംദുലില്ലാഹ്, കഴിഞ്ഞ ഞായറാഴ്ച ജർമ്മനി അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക ജൽസ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമാപിച്ചു. ഇന്ന് ആ ജൽസയെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. ഈ ജൽസയുടെ നടത്തിപ്പിന്നായി ഓരോ വർഷവും ടീമുകൾ രൂപീകരിച്ചുകൊണ്ട് അവരെ വിവിധ ജോലികൾ ഏല്പിക്കുന്നു. പ്രവർത്തനത്തിലേർപ്പെടുന്ന എല്ലാവരും ഉത്സാഹത്തോടും താൽപര്യത്തോടുംകൂടി തങ്ങളിലർപ്പിതമായ കടമകൾ നിറവേറ്റാൻ കഴിവിന്റെ പരമാവധി ശ്രമിക്കുന്നു.

ലോകത്തെവിടെയൊക്കെ ജൽസ സംഘടിപ്പിക്കുന്നുണ്ടോ ജൽസയുടെ മുമ്പേ അവിടെനിന്നൊക്കെ എല്ലാ ഏർപ്പാടുകളും നന്നായി പര്യവസാനിക്കുന്നതിനുവേണ്ടി ദുആ ചെയ്യുക എന്ന് പറഞ്ഞ് അഹ്മദികൾ ദുആയ്ക്കായി എനിക്ക് കത്തെഴുതിക്കൊണ്ടിരിക്കാറുണ്ട്. ഇതുതന്നെയായിരുന്നു ജർമ്മനിയിലെ പ്രവർത്തകരുടേയും വിവിധ വിഭാഗങ്ങളുടെ ഓഫീസറന്മാരുടേയും അവസ്ഥ. എന്തായാലും ഇത് ജമാഅത്തിന്റെ ഒരു മൗലികമായ ഗുണമാണ്. അവർക്ക് നല്കപ്പെട്ടിട്ടുള്ള ശിക്ഷണമാണ്. അല്ലാഹുവുമായിട്ടുള്ള അവരുടെ ബന്ധമാണ്. ഈ ബന്ധം ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിനു ശിക്ഷണം നല്കി സൃഷ്ടിച്ചിട്ടുള്ളതാണ്. ആ സർവ്വലോകപരിപാലകനേയും പരമകാരുണികനേയും കരുണാമയനേയും ആ മഹാത്മാവ് പരിചയപ്പെടുത്തിത്തന്നു. അവൻ ഇക്കാലത്ത് നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയിലൂടെ, തന്റെ സവിശേഷഗുണങ്ങളുടെ ശരിയായ അറിവും ജ്ഞാനവും നമുക്കു നല്കി. അവൻ നല്കിയിരിക്കുന്ന മാർഗ്ഗങ്ങളും ശക്തികളും ശരിയായ നിലയിലും കഴിവുകളുമനുസരിച്ചും ഉപയോഗിച്ച് അതിൽനിന്ന് ഫലമെടുക്കാൻ സൗഭാഗ്യവും നല്കിയിരിക്കുന്നു. ഇതുമുഖേന ജൽസയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ തങ്ങളുടെ ബുദ്ധിക്കനുസരിച്ച് ഉത്തമമായ നിലയിൽ ചെയ്യാൻ, ഡ്യൂട്ടികൾ നിർവ്വഹിച്ച എല്ലാവരും യോഗ്യരായിത്തീർന്നു. ഞാൻ പറഞ്ഞതുപോലെ, ജൽസയുടെ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് നമ്മളെല്ലാവരും അതിന്റെ പ്രവർത്തകർക്കുവേണ്ടി ദുആ ചെയ്യാൻ ശ്രദ്ധിച്ചു. ദുആ ചെയ്യാൻ എനിക്കും എഴുതിക്കൊണ്ടിരുന്നു. കാരണം ഇതില്ലെങ്കിൽ നമ്മുടെ ജോലി പൂർണ്ണമാകുകയില്ലെന്ന് ഓരോ അഹ്മദിക്കും അറിയാം. ഇതില്ലെങ്കിൽ അല്ലാഹുവുമായി ബന്ധമുണ്ടെന്ന വാദം വെറും പൊള്ളയാണ്. ഏതൊരുവന്റെ കൈയിലാണോ സർവവുമുള്ളത് നാം ആ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരായതുകൊണ്ടാണ് നമ്മുടെ പ്രവൃത്തികളിൽ അനുഗ്രഹമുണ്ടാകുന്നതും എല്ലാ ഘട്ടങ്ങളിലും നമ്മുടെ പരിശ്രമങ്ങളെ സ്വീകരിച്ചുകൊണ്ട് അവൻ അവയിൽ അനുഗ്രഹമിടുന്നതും.

അതുകൊണ്ട് വിജയപ്രദമായ രീതിയിൽ ജൽസ സംഘടിപ്പിക്കലും അതിന്റെ സമാപനം കുറിക്കലും ഓരോ പ്രവർത്തകനും സമാധാനത്തിനും സന്തോഷത്തിനും കാരണമാകുന്നതുപോലെ, അല്ലാഹുവിന്റെ സ്നേഹനിർഭരമായ പെരുമാറ്റത്തിന് അവനെ കൂടുതലായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവനും നന്ദി കാണിക്കുന്നവനുമാക്കേണ്ടതാണ്. ***ലയിൻ ശക്റത്തും ലഅസീദന്നക്കും*** എന്ന കല്പനയെ എപ്പോഴും മുന്നിൽ കാണണം. ജനങ്ങളേ, നിങ്ങൾ നന്ദിയുള്ളവരാകുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് ഇനിയും കൂടതൽ തരും.

നാം അവന്റെ നന്ദിയുള്ള ദാസരായിരിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഈ പാരിതോഷികം മുമ്പത്തെക്കാളധികം ഇറങ്ങുന്നതാണ്; അടുത്തവർഷം ഇൻശാഅല്ലാഹുതആല, ഖിലാഫത്ത് ജൂബിലിയുടെ ജൽസയാണ് വരാൻ പോകുന്നത്. ഹാജർനിലയും ഈ വർഷത്തെക്കാളധികം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒരുക്കങ്ങളും ഈ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിശാലമാക്കേണ്ടിവന്നേക്കാം. അതുകൊണ്ട്, അല്ലാഹുവിന്റെ ഈ സന്ദേശവും ആദ്യത്തേക്കാൾ കൂടുതൽ ഓർക്കുക. അവൻ പറയുന്നു: "നിങ്ങളുടെ ഒരുക്കങ്ങളുടെ ശ്രേഷ്ഠത, ഞാൻ നിങ്ങൾക്കു തന്നിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ ആദ്യം ചെയ്തുതന്നിട്ടുള്ള പാരിതോഷികങ്ങളേയും ഔദാര്യങ്ങളേയും ഓർത്തുകൊണ്ട് ആദ്യത്തേക്കാൾ കൂടുതൽ നന്ദിയുള്ളവരായി എന്റെ മുന്നിൽ കുനിയുക." അതായത് ഒരുക്കങ്ങൾ നല്ലനിലയിലായത് തങ്ങളുടെ തന്ത്രവും സാമർത്ഥ്യവും ബുദ്ധിയും അധ്വാനവും കൊണ്ടാണെന്ന് കരുതാതിരിക്കുക. അല്ലാഹുവിനുവേണ്ടി ചെയ്യപ്പെട്ട കർമ്മങ്ങൾ സ്വാധീനം ചെലുത്തുന്നത് അവന്റെ യഥാർത്ഥ ദാസനും അവനോടു നന്ദി കാണിക്കുന്നവനും ആയിക്കൊണ്ട്

അവന്റെ മുമ്പിൽ നമ്രശിരസ്കനായി നന്ദി കാണിക്കുമ്പോഴാണ്. പ്രവൃത്തികൾ എത്ര അധികമായാലും, ബാഹ്യമായിട്ട് വിഷമങ്ങൾ എത്ര കണ്ടാലും തന്റെ ദാസരെ സഹായിക്കാനുണ്ടാകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. എന്നല്ല, ആദ്യത്തേക്കാൾ കൂടുതൽ പാരിതോഷികങ്ങളുടേയും അനുഗ്രഹങ്ങളുടേയും മഴ വർഷിക്കുന്നതായിരിക്കും. അല്ലാഹുവിനെ സ്മരിച്ചുകൊണ്ടുള്ള ഈ നന്ദിപ്രകടനം ബുദ്ധിയിലും മനസ്സിലും ആർദ്രമായിവയ്ക്കുകയാണെങ്കിൽ, അത് വർദ്ധിക്കുകയും പ്രകടമാകുകയും ചെയ്യും. ഇതുമുഖേന അനുഗ്രഹങ്ങളുടെ മഴ ജമാഅത്തിനുമേൽ ഉണ്ടായിക്കൊണ്ടേയിരിക്കും.

നബി(സ) തിരുമേനിയുടെ ജീവിതമാതൃക എന്തായിരുന്നു? അല്ലാഹുവേ, നീ എന്നെ നിന്നെ സ്മരിക്കുന്നവനും നിന്നോട് നന്ദിയുള്ളവനുമാക്കേണമേ എന്ന് ആ മഹാത്മാവ് പ്രാർത്ഥിക്കാറുണ്ടായിരുന്നു.

അല്ലാഹുവിനോട് നന്ദി കാണിക്കാനും നിങ്ങളെ ഏതെങ്കിലും രീതിയിൽ സഹായിച്ചിട്ടുള്ളവനോട് നന്ദി കാണിക്കാനും നബി(സ) പറഞ്ഞ കാര്യം ഓർക്കുക. കാരണം നിങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളിൽനിന്ന് സഹായം പ്രാപിച്ചിട്ട് അവരോട് നന്ദി കാണിക്കാതിരുന്നാൽ അല്ലാഹുവിനോട് നന്ദി കാണിക്കുന്ന ശീലം നിങ്ങളിലുണ്ടാകുകയില്ല. അതുകൊണ്ട് ജൽസയുടെ ഒരുക്കങ്ങൾക്ക് സഹായകമായി ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുകയും സേവനം ചെയ്യുകയും ജോലിയെടുക്കുകയും ചെയ്തിട്ടുള്ള ഓരോരുത്തരോടും സംഘാടകരും ഉദ്യോഗസ്ഥരും നന്ദി കാണിക്കേണ്ടതാണ്. സുഖകരമായ നിലയിൽ എല്ലാവരും ജൽസ കേട്ടുവെന്നുമാത്രമല്ല, താമസത്തിലും ഭക്ഷണത്തിലും മറ്റു കാര്യങ്ങളിലും നിസ്സാരബുദ്ധിമുട്ടേ ഉണ്ടായിട്ടുണ്ടാകുകയുള്ളൂ. വിശാലമായ പരിപാടിയായതുകൊണ്ട് പൂർണ്ണമായും സുഖസൗകര്യങ്ങൾ സാധ്യമാവില്ലെന്നത് പ്രകടമാണ്. എന്തെങ്കിലുമൊക്കെ പോരായ്മകൾ തീർച്ചയായും ഉണ്ടാകും. പക്ഷേ, ഏറ്റവും നല്ല സൗകര്യങ്ങളൊരുക്കാൻ സംഘാടകർ ശ്രമിക്കുന്നു. ഉദ്യോഗസ്ഥർ അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്നു. ഈ പ്രവൃത്തി, ഉദ്യോഗസ്ഥരുടെ ആത്മാർത്ഥത കൊണ്ട് നല്ലനിലയിൽ പര്യവസാനിക്കുന്നു. ഇതിൽ പുരുഷന്മാരും സ്ത്രീകളും യുവാക്കളും യുവതികളുമെല്ലാം ആവേശത്തോടെ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഞാൻ പറഞ്ഞതുപോലെ, ഈ മൗലികമായ ഗുണം തന്നെ വിശ്വസിക്കുന്നവരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൃഷ്ടിച്ചിരിക്കുന്നു. ഇത് അന്യർക്കും കാണാൻ കഴിയുന്നുണ്ട്. മാൽട്ട പാർലമെന്റിലെ ഒരംഗവും, ഇന്തോനേഷ്യയിൽനിന്നുവന്ന രണ്ട് ഇസ്ലാമിക പണ്ഡിതന്മാരും ഇതംഗീകരിച്ചുകൊണ്ടാണ് പോയത്. ജൽസയ്ക്കുവേണ്ടി നിങ്ങൾ ചെയ്തിട്ടുള്ള ഏർപ്പാടുകളിൽ അത്ഭുതകരമായ അച്ചടക്കം കാണാമായിരുന്നുവെന്ന് അവർ പറഞ്ഞു.

ഇപ്രകാരംതന്നെ ബൽഗാരിയായിൽനിന്നുവന്ന ക്രൈസ്തവസഹോദരനും ജൽസകണ്ട് അത്ഭുതപ്പെട്ടു. നിങ്ങൾ അത്ഭുതതരത്തിലുള്ള ആളുകളാണെന്നും ജൽസയുടെ എല്ലാ ഏർപ്പാടുകളും സർക്കാരിന്റെ സഹായമൊന്നുമില്ലാതെ സ്വയം ചെയ്യാൻ കഴിയുന്നുവെന്നത് ആശ്ചര്യകരമാണെന്നും പങ്കെടുക്കുന്ന പ്രതിനിധികളിൽനിന്നും അവരെ സേവിക്കാൻ നില്ക്കുന്ന പ്രവർത്തകരിൽനിന്നും അച്ചടക്കം ഒരുപോലെയാണ് പ്രകടമാകുന്നതെന്നും അവർ തുറന്നു സമ്മതിച്ചു.

അഹ്മദികളായ നാം നമ്മുടെ സ്വഭാവമനുസരിച്ച്, ചില കാര്യങ്ങൾ നിസ്സാരമായി കാണുമ്പോൾ അതിനെ ഇക്കൂട്ടർ ഉന്നതനിലവാരത്തിലാണ് കാണുന്നത്. ചിലപ്പോൾ നമുക്ക് സഹിക്കാൻപറ്റാത്ത ചില കാര്യങ്ങൾ ഇവർക്ക് സാധാരണമായിരിക്കും. അല്ലാഹു അന്യരുടെ മുമ്പിൽ ജമാഅത്തിന്റെ അഭിമാനവും അന്തസ്സും നിലനിറുത്തുന്നു. ഈ അനുഗ്രഹത്തിനുള്ള നന്ദി എന്ന നിലയിലും, നമ്മുടെ നിലവാരം മെച്ചപ്പെടേണ്ടതാണ്. അതിനുള്ള പരിശ്രമം നടത്തേണ്ടതാണ്. ഈ പരിശ്രമത്തോടൊപ്പം അല്ലാഹുവിന്റെ മുന്നിൽ പ്രണമിക്കുകയും അവനെ സ്മരിക്കുകയും ചെയ്യുന്ന നിലയും ആദ്യത്തേക്കാൾ വർദ്ധിക്കേണ്ടതാണ്. ഈ വിചാരത്തോടുകൂടി നാം നമ്മുടെ ജോലികൾ നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച്, നമ്മുടെ പ്രയാസങ്ങളും സ്വയം അകന്നുപോകുന്നതായിരിക്കും. നമ്മുടെ ജോലികൾ സരളമായിത്തീരുകയും ചെയ്യും.

പാക്കിസ്ഥാനിൽനിന്നു വന്നവരും മറ്റു രാഷ്ട്രങ്ങളിൽനിന്നു വന്നവരും ജർമ്മനിയുടെ ജൽസ കണ്ടിട്ട് അത്ഭുതപ്പെട്ടു. ഇവിടുത്തെ ഉദ്യോഗസ്ഥർ ഒരു മെഷീന്റെ ഭാഗങ്ങൾപോലെ ഒരു ബുദ്ധിമുട്ടും ബഹളവും കൂടാതെ ഒരുപോലെ പ്രവർത്തിച്ചുകൊണ്ടിരുന്നു. എവിടെയൊക്കെ നമ്മുടെ വലിയ ജൽസ നടക്കുന്നുവോ അവിടെയൊക്കെ ഈ മൗലികമായ ഗുണം സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ട്. യുകെയിലെ ജൽസയിലും മറ്റു സ്ഥലങ്ങളിലെ ജൽസയിലും ഇത് പ്രകടമാണ്.

ദീർഘകാല പരിചയംകൊണ്ട് ഉദ്യോഗസ്ഥന്മാർ അനുഭവസമ്പന്നരായിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ജർമ്മനിയിൽ ഈ മൗലികഗുണം ആരംഭം മുതലേ കണ്ടുവരാൻ കാരണം, ജൽസ നടത്തി പരിചയമുള്ള നിരവധിയാളുകൾ പാക്കിസ്ഥാനിൽനിന്ന് ഇവിടെ വന്ന് താമസമാക്കിയതാണ്. അവർ പാക്കിസ്ഥാനിലെ ജൽസകളിൽ സേവനം ചെയ്യാറുള്ളവരായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിൽ അവർക്ക് പരിശീലനം കിട്ടിക്കൊണ്ടുമിരുന്നു.

ഇതിനുമുമ്പേയും ഞാൻ പറഞ്ഞിട്ടുള്ളതാണ്, ഇൻശാഅല്ലാഹ് പാക്കിസ്ഥാനിൽ ജൽസ സംഘടിപ്പി

ക്കുമ്പോൾ, ദീർഘകാലം പരിശീലനം ലഭിക്കാത്ത കാരണത്താൽ, അവിടുത്തെ തയ്യാറെടുപ്പുകളിൽ ബുദ്ധിമുട്ടുണ്ടാകുമോ എന്ന ആശങ്ക സ്വാഭാവികമാണ്. അവിടെ ജൽസ സംഘടിപ്പിക്കുമ്പോൾ ഇൻശാഅല്ലാഹ് ആ ജൽസ വളരെ വിശാലമായിരിക്കും. യുകെയിലേയും ജർമ്മനിയിലേയും ജൽസയിൽ പങ്കെടുക്കുന്ന ആളുകളെ ഒന്നിച്ചുകൂട്ടി നോക്കിയാൽ അതിനേക്കാൾ പത്തിരട്ടിയധികം ആളുകൾ അവിടെ പങ്കെടുക്കുന്നതാണ്. അല്ലാഹു അതിനുള്ള ഏർപ്പാട് ചെയ്യുന്നതുമാണ്. ഇൻശാഅല്ലാഹ്. സമയം വന്നെത്തുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ അതൊക്കെ ചെയ്യാൻ തയ്യാറായിരിക്കും. ടീം അവരുടെ പ്രവൃത്തി ചെയ്താലും ഇല്ലെങ്കിലും അഹ്മദിയ്യത്തിന്റെ മൗലിക ഗുണത്തിൽ, സന്ദിഗ്ദ്ധഘട്ടത്തിൽ പ്രവൃത്തിക്കാനുള്ള കഴിവ് വളരെ വലുതാണ്.

ഞാൻ പറഞ്ഞുവന്നത് ജർമ്മനിയിലെ ഉദ്യോഗസ്ഥന്മാരെക്കുറിച്ചും അവരുടെ ഓർഗനൈസ്ഡ് പ്രവർത്തനത്തെക്കുറിച്ചുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ അടിസ്ഥാനത്തിൽ വളരെ ചിട്ടയോടം അടക്കത്തോടും കൂടിയുള്ളതായിരുന്നു ജൽസ. യു.കെയിൽനിന്നുവന്ന ഒരു ചെറുപ്പക്കാരനോട്, യുകെയിലെ ജൽസയും ജർമ്മനിയിലെ ജൽസയും തമ്മിൽ എന്തു വ്യത്യാസമാണ് നിനക്ക് കാണാൻ കഴിഞ്ഞതെന്ന് ഞാൻ ചോദിച്ചു. ഉടനെ അദ്ദേഹം പറഞ്ഞ മറുപടി, ഇവിടുത്തെ ജൽസ കൂടുതൽ ഓർഗനൈസ്ഡായി തോന്നുന്നുവെന്നാണ്. ഇതിനു കാരണം ഞാൻ പറഞ്ഞതുതന്നെയാണ്. പാക്കിസ്ഥാനിൽനിന്ന് വന്നിട്ടുള്ള പരിശീലനം സിദ്ധിച്ച ആളുകളെ ഇവർക്ക് കിട്ടിയിരിക്കുന്നു. അവർ വളർന്നുവരുന്ന തലമുറയെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, ഇതു കേൾക്കുമ്പോൾ, യുകെക്കാർ വിഷമിക്കുന്നുണ്ടാകും. അവർ വിഷമിക്കേണ്ട കാര്യമില്ല. ദീർഘകാലത്തെ പരിശീലനത്തിനുശേഷം അവരുടെ നിലവാരവും വളരെ ഉയർന്നുകഴിഞ്ഞിട്ടുണ്ട്. ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏർപ്പാടുകളെല്ലാം നന്നായി കാണാൻ കഴിയുന്നത്, ഈ സ്ഥലം ഇവർക്ക് കിട്ടിയതുകൊണ്ടുമാണ്. മാൻഹൈമിലെ, മായി മാർക്കറ്റ്, ജൽസ നടത്താൻ ജമാഅത്തിന് ലഭിച്ചു. ഇതിലൊരുപാട് സൗകര്യങ്ങൾ ഉണ്ട്. അതുകൊണ്ട് കുറേ ജോലികൾ ഇവർക്ക് ചെയ്യേണ്ടിവന്നില്ല. എന്നല്ല ഇക്കാരണത്താൽ മറ്റു പ്രവൃത്തികളിലേക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞു. ഒരുപാട് സൗകര്യത്തോടുകൂടിയുള്ള ഇത്ര വലിയ സ്ഥലം കിട്ടുക എന്നതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. ഇതിലും നാം അവനോട് നന്ദി കാണിക്കേണ്ടതാണ്. ചില നിയന്ത്രണങ്ങൾ ഉണ്ടെന്നുള്ളത് ശരിതന്നെ. അത് പാലിക്കുകയും വേണമായിരുന്നു. പക്ഷേ, ഈ നിയന്ത്രണവും നമ്മുടെ ഗുണത്തിനും നമ്മുടെ പ്രവൃത്തികൾ നന്നാക്കിത്തീർക്കുന്നതിനും അവയുടെ നില ഉയർത്തുന്നതിനും വേണ്ടിയായിരുന്നു. ഉദാഹരണത്തിന്, പാചകപ്പുര നല്ല വൃത്തിയുള്ളതാക്കി സൂക്ഷിക്കണം എന്നത് നിബന്ധനയാണ്. ഇത് വളരെ നല്ല കാര്യമാണ്. വൃത്തിയും ശുദ്ധിയും വിശ്വാസത്തിന്റെ ഭാഗമാണ്. ഇപ്രാവശ്യം ഡൈനിംഗ് ഹാളിന്റെ വൃത്തി വളരെ നല്ലതായിരുന്നുവെന്ന് പുറത്തുനിന്നുവന്ന പലരും പറയുകയും ചെയ്തു. പാത്രങ്ങൾ കഴുകുന്നതിനും മറ്റും, നമ്മുടെ ഒരു എഞ്ചിനീയർ സെമി ആട്ടോമാറ്റിക് മെഷീൻ ഉണ്ടാക്കിയിരിക്കുന്നു. ഇത് കൂടുതൽ നന്നാക്കി ആട്ടോമാറ്റിക് ആക്കാൻ ശ്രമിക്കുകയാണ്. ഇതുമുഖേന ഒരു മിനിറ്റുകൊണ്ട് ഒരു ബിരിയാണി ചെമ്പ് അത് ഉപയോഗിച്ചിട്ടേയില്ല എന്നു തോന്നുംവിധം കഴുകിവൃത്തിയാക്കാൻ കഴിയും. തികച്ചും പുതിയതായിട്ട് തോന്നും. ഇതും ഇപ്രാവശ്യത്തെ ഒരുക്കങ്ങളിൽ പുതിയതായി വന്നുചേർന്നതാണ്. കൂടുതൽ മെഷിനുകൾ ഉണ്ടാക്കാനും, അത് കൂടുതൽ ഗുണമുള്ളതാക്കാനും ഞാൻ ആ എഞ്ചിനിയർ സാഹിബിനോടു പറഞ്ഞിട്ടുണ്ട്. എന്നല്ല അത് പേറ്റന്റ് ചെയ്യുകയും വേണം. നമ്മുടെ വലിയ ജൽസകൾ നടക്കുന്ന സ്ഥലങ്ങളിലേക്ക് ആദ്യം അത് എത്തിക്കുന്നതാണ്. വളരെ ലളിതവും കൂടുതൽ ഉപകാരപ്രദവുമായ മെഷീനാണിത്. അല്ലാഹു അഹ്മദികൾക്ക് ഈ രീതിയിൽ കണ്ടുപിടിക്കാനുള്ള ബുദ്ധി നല്കിയിരിക്കുന്നു. എങ്ങനെ കുറഞ്ഞ ചെലവിൽ, ജമാഅത്തിന് പ്രയോജനപ്പെടുന്ന കാര്യങ്ങൾ കണ്ടുപിടിക്കാൻ കഴിയുമെന്നാണ് അവർ ചിന്തിക്കുന്നത്. അതുകൊണ്ട് നാം അല്ലാഹുവിന് കൂടുതൽ നന്ദി കാണിക്കേണ്ടതാണ്.

പ്രവർത്തകരായ നിങ്ങളുടെ സംവിധാനങ്ങൾ മറ്റുള്ളവർക്ക് നന്നായി തോന്നുന്നതും ഓരോ വർഷവും അതിൽ വർദ്ധനവുണ്ടാകുന്നതും നിങ്ങളുടെ ബുദ്ധിയുപയോഗിച്ച് ജമാഅത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയ കണ്ടുപിടിത്തങ്ങൾ നടത്താൻ അല്ലാഹു സൗഭാഗ്യം തരുന്നതുമെല്ലാം ഒരു പ്രവർത്തകന്റേയും മനസ്സിൽ ഒരുതരത്തിലുള്ള അഹങ്കാരവും പൊങ്ങച്ചവും ഉണ്ടാക്കരുത്. മറിച്ച്, കൂടുതൽ വിനയത്തോടുകൂടി അല്ലാഹുവിന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ടുപോകേണ്ടതാണ്. അല്ലാഹു നമുക്ക് സേവനത്തിനുള്ള അവസരം നല്കുന്നുവെന്നോർത്ത് കൂടുതലായി നന്ദി കാണിക്കണം. ഈ വിനയവും നന്ദിപ്രകടനവും യാഥാർത്ഥ്യമാകുന്നത് ഞാൻ പറഞ്ഞതുപോലെ നമ്മുടെ ആരാധനാകർമ്മങ്ങളെ സംരക്ഷിക്കുമ്പോഴാണ്. ഓരോ ഗ്രന്ഥവും അല്ലാഹുവിന്റെ പാരിതോഷികമായി മനസ്സിലാക്കുമ്പോഴാണ്. അവന്റെ അനുഗ്രഹമാണെന്ന് അറിയുമ്പോഴാണ്.

എപ്പോഴും ഓർക്കുക, ഒരഹ്മദിയുടെമേലുള്ള അല്ലാഹുവിന്റെ അനുഗ്രഹം ജമാഅത്തിൽ ചേരുകയും അതിന്റെ നിയമങ്ങൾ പാലിച്ച് ജീവിക്കുകയും ജമാഅത്ത് വ്യവസ്ഥിതിയോട് ചേർന്നിരിക്കുകയും അനുസരണവികാരത്തോടെ ഓരോ സേവനവും ചെയ്യുകയും

ചെയ്യുന്ന കാരണത്താലാണ്. അതിനാൽ, ഇക്കാര്യം എപ്പോഴും ഓർമ്മവയ്ക്കുക. നിസാമിനെ അനുസരിക്കുക എന്ന വികാരം ആദ്യത്തേക്കാൾ കൂടുതൽ സ്വയം മനസ്സിൽ ഉണ്ടാക്കണം. ഞാൻ മുമ്പേയും പലതവണ പറഞ്ഞിട്ടുള്ളതാണ്. ഓരോ അഹ്മദിയും അല്ലാഹുവിന്റെ കല്പനക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവനോടുള്ള ബന്ധത്തിന്റെ നിലവാരം ഉയർത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കണം. നിസാമിനോടുള്ള അനുസരണത്തിന്റെ ഉത്തമ മാതൃക കാണിക്കണം. എപ്പോഴും ഓർക്കുക, ഖിലാഫത്തിനോടുള്ള അനുസരണം, നിസാമിനോടുള്ള അനുസരണവുമായി ബന്ധപ്പെട്ടതാണ്. ജമാഅത്ത് വ്യവസ്ഥിതിയുടെ ഏതെങ്കിലും ഭാരവാഹിയെ നന്നാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ- അതായത് ആരുടെയെങ്കിലും തെറ്റായ സ്വഭാവം കണ്ടാൽ- ഖലീഫയെ ആ വിവരം അറിയിക്കാവുന്നതാണ്. പക്ഷേ, അനുസരണത്തെ നിഷേധിക്കൽ, ഒരിക്കലും സഹിക്കാൻ പറ്റുന്നതല്ല. അതുകൊണ്ട് ജൽസയുടെ അസാധാരണമായ വിജയത്തിന്റെ യഥാർത്ഥ നന്ദിപ്രകടനത്തിന്റെ ശരിയായ രീതി, അല്ലാഹുവിനോടുള്ള ബന്ധത്തിലും എടുത്തുപറയത്തക്ക മാറ്റം ഉണ്ടാകുക എന്നതാണ്. അതുപോലെതന്നെ ജമാഅത്ത് വ്യവസ്ഥിതിയെ അനുസരിക്കുന്നതിലും ഉന്നതമാതൃകയാവുക. നബി(സ) തിരുമേനി, അനുസരണത്തിന്റെ ഏതു നിലയാണ് നമ്മളിൽ കാണാൻ ആഗ്രഹിച്ചിരുന്നതെന്ന കാര്യം എപ്പോഴും ഓർമ്മയിൽവയ്ക്കുക. എന്തു പാഠമാണ് ആ മഹാത്മാവ് നല്കിയത്. ആ മഹാത്മാവ് പറഞ്ഞത്, നിങ്ങളോടുള്ള കടമകൾ നിർവഹിക്കപ്പെടട്ടെ, പെടാതിരിക്കട്ടെ, നിങ്ങളുടെ ജോലി കേൾക്കുക, അനുസരിക്കുക എന്നതാണ്. നിങ്ങളോടുള്ള കടമകൾ നിറവേറ്റേണ്ട നിർബന്ധബാധ്യത ആരിലാണോ ഉള്ളത്, അവരുടെ മേൽ അവരുടെ കർമ്മത്തിന്റെ ഭാരമാണുണ്ടാവുക. നിങ്ങളിൽ നിങ്ങളുടെ കർമ്മങ്ങളുടെ ഭാരമാണുള്ളത്. അതുകൊണ്ട്, കടമകൾ നിറവേറ്റാത്ത ഭാരവാഹികളോടു അല്ലാഹു സ്വയം ചോദിച്ചുകൊള്ളും.

ഖിലാഫത്തിന്റെ അനുഗ്രഹംകൊണ്ട് കടാക്ഷിച്ചിരിക്കുന്നു എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ മേൽ അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ്. ഔദാര്യമാണ്. ഇതിനെ തന്റെ സമ്മാനങ്ങളിൽ ഒരു സമ്മാനമായിട്ട് പറഞ്ഞിരിക്കുന്നു. ഈ സമ്മാനവും തന്നിട്ടുള്ളത്, സത്യത്തോടൊപ്പം നില്ക്കാനാണ്. കാലത്തിന്റെ ഖലീഫയ്ക്ക് ഒരു പാർട്ടിയും ഉണ്ടാകുകയില്ല. പക്ഷപാതപരമായ പെരുമാറ്റവും ഉണ്ടാകുകയില്ല. പരാതിയുണ്ടെങ്കിൽ ഖലീഫയെ അറിയിക്കാവുന്നതാണ്. അതിനാൽ പുതിയ അഹ്മദിയും, പഴയ അഹ്മദിയും ഈ മാതൃക കാണിച്ചാൽ, ജമാഅത്തിന്റെ അഭിവൃദ്ധിയിൽ സഹായികളായിത്തീരും. ജൽസാ ദിനങ്ങളിൽ ഞാൻ ഇവിടുത്തെ തദ്ദേശീയരായ അഹ്മദികളുമായി ഒരു മീറ്റിംഗ് നടത്തിയിരുന്നു. അവരിൽ നവഹ്മദികളും ഉണ്ടായിരുന്നു. കുറച്ചു മാസങ്ങൾക്കു മുമ്പേ ജമാഅത്തിൽ ചേർന്നവരാണവർ. കുറച്ചുവർഷം മുമ്പേ ബയ്അത്ത് ചെയ്തവരും അവരിലുണ്ടായിരുന്നു. അവിടെ ജർമ്മൻകാരായ ഒരു നവമുസ്‌ലിം ചോദിച്ചു. ഭാരവാഹിയായിരുന്ന ഒരാൾ, ഇപ്പോൾ ഭാരവാഹിയല്ലാത്ത കാരണത്താൽ പുതിയതായിവന്ന ഭാരവാഹിയോടു പൂർണ്ണമായും സഹകരിക്കുകയോ, അയാളെ അനുസരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, അതിനുള്ള ചികിത്സ എന്താണ്? എങ്ങനെ അദ്ദേഹത്തെ നന്നാക്കിയെടുക്കാൻ കഴിയും?

ഇവിടെ നന്നാക്കിയെടുക്കുക എന്ന പ്രശ്നം പിന്നീടാണ് വരുന്നത്. ഈ ചോദ്യം എന്നെ വല്ലാതെ പിടിച്ചുകുലുക്കിക്കളഞ്ഞു. പാക്കിസ്ഥാനിൽനിന്നുവന്ന അഹ്മദികൾ തങ്ങളുടെ ഈ മാതൃകയാണോ സ്ഥാപിച്ചിട്ടുള്ളത്. ഭാരവാഹിയായിരിക്കുവോളം, നിസാമിനെ സംബന്ധിച്ച് വാതോരാതെ പ്രസംഗിച്ചുകൊണ്ടിരിക്കുകയും മറ്റുള്ളവരുടെ അനുസരണം പ്രതീക്ഷിക്കുകയും ചെയ്തു. ഭാരവാഹിത്വം അവസാനിക്കുന്നതോടെ, തികച്ചും ഒന്നിനും കൊള്ളാത്ത മുതലായിത്തീരുന്നു.

പാക്കിസ്ഥാനികൾ എപ്പോഴും ഓർമ്മവയ്ക്കണം, നിങ്ങളിൽനിന്ന് ഉന്നതമായ മാതൃകയാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ മാതൃകയാണ് സ്ഥാപിക്കുന്നതെങ്കിൽ, നിങ്ങൾ നിങ്ങൾക്കു ലഭിച്ച ആ പഴയ ശിക്ഷണം പാഴാക്കിക്കളഞ്ഞു. ജൽസയിൽ പങ്കെടുത്തതിന്റെ ഉദ്ദേശ്യവും നഷ്ടപ്പെടുത്തി.

മറ്റൊന്ന് ഓർക്കുക. എല്ലാ ജനതകളും ഇൻശാ അല്ലാഹ് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിൽ പ്രവേശിക്കുന്നവരാണ്. ഓരോ ജനതയും ജമാഅത്ത് വ്യവസ്ഥിതിയിൽ ചേർന്നുകൊണ്ട് തങ്ങളുടെ രാഷ്ട്രത്തിന്റെ വ്യവസ്ഥിതിയും സ്വയം നടത്തേണ്ടവരാണ്. അതുകൊണ്ട് ഈ വിചാരത്തോടെ നിങ്ങളുടെ മനസ്സിനെ ശുദ്ധീകരിക്കുക.

പുതിയതായിവന്ന ഒരു ജർമ്മൻ ഞങ്ങളെ എന്തു നിയന്ത്രിക്കാനാണ്, ഞങ്ങളുടെ ഭാരവാഹിയാകാൻ അയാൾക്ക് എന്തർഹതയാണ് എന്ന് ചിന്തിക്കാതെ, നിങ്ങൾ ഭാരവാഹിയാകാതെ പുതിയതായി വന്നയാൾ ഭാരവാഹിയായതിൽ ചിന്തിച്ച് ഇസ്തിഗ്ഫാർ അധികമായി നിങ്ങൾ ചെയ്യേണ്ടതാണ്. നമ്മുടെ ബലഹീനത കൊണ്ട് അല്ലാഹു ജമാഅത്തിന് സേവനം ചെയ്യാനുള്ള അവസരം നമ്മളിൽ നിന്ന് തിരിച്ചെടുത്ത് ഈ പുതിയതായി വന്നവർക്കു കൊടുത്തു. ഇവർ ആത്മാർത്ഥതയിലും കൂറിലും നിസാമിനെ അനുസരിക്കുന്ന കാര്യത്തിലും ഉയർന്നുകൊണ്ടേപോകുന്നു.

ആ ജർമ്മൻകാരനോട് ഞാൻ പറഞ്ഞത്, അത്തരക്കാർക്ക് സ്നേഹത്തോടെ കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കാനാണ്. അവർക്കുവേണ്ടി ദുആ ചെയ്യാ

നാണ്. എന്നിട്ടും പിന്മാറുന്നില്ലെങ്കിൽ അമീർ സാഹിബി നെഴുതുക. അമീർ സാഹിബ് പറഞ്ഞിട്ടും മനസ്സിലാക്കുന്നില്ലെങ്കിൽ എനിക്കെഴുതുക. അത്തരക്കാർക്കെതിരിൽ ഉടനെ നടപടി ഉണ്ടാകേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, നന്മ ചെയ്യുന്നവരും ആത്മാർത്ഥതയിൽ ഉയർന്നവരുമായ ആളുകളെയാണ് ആവശ്യം. അല്ലാതെ സ്വാർത്ഥമതികളേയും തൻപ്രമാണിത്തം കാണിക്കുന്നവരേയുമല്ല. നേട്ടം ഉണ്ടാകുന്നിടത്തോളം അനുസരിക്കുകയും നേട്ടം ഇല്ലാതാകുമ്പോൾ അനുസരണക്കേട് കാണിക്കുകയും ചെയ്യുന്നവരേയല്ല. ജർമ്മൻ നവഅഹ്മദികൾ, മാശാഅല്ലാഹ് ജമാഅത്തിന്റെ നിസാം മനസ്സിലാക്കുന്നതിലുള്ള ശ്രമത്തിലും ഒരുപാട് അഭിവൃദ്ധിപ്പെടുന്നുണ്ട്.

ഒരു ജർമ്മൻ യുവാവ് ചോദിച്ചു. ഒരുഭാഗത്ത് ജമാഅത്തിന്റെ ജോലിയുണ്ട്. ജമാഅത്തിന്റെ ഏതെങ്കിലും ഒരു ഭാരവാഹി ഒരു ജോലി ഏല്പിക്കുന്നു. മറുഭാഗത്ത് ശാഖാ സംഘടനകളുടെ അൻസാർ, ലജ്ന, ഖുദ്ദാമിന്റെ ജോലിയുണ്ട്. അവരുടെ ഭാരവാഹികൾ അത് ഏല്പിക്കുന്നു. ഉദാഹരണത്തിന് ഒരേസമയത്ത് ജമാഅത്തിന്റെ ഭാരവാഹി ഒരു ജോലി പറയുന്നു, ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരവാഹിയും ഒരു ജോലി പറയുന്നു. ഞാൻ യുവാവായ കാരണത്താൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജോലിയാണ് ആദ്യം ചെയ്യാൻ ആഗ്രഹിക്കുന്നത്. ഇത്തരം സന്ദർഭത്തിൽ ഞാനെന്ത് ചെയ്യണം. അദ്ദേഹത്തിന് ഞാൻ വിശദീകരിച്ചു മറുപടി കൊടുത്തിരുന്നു. അതിന്റെ ചുരുക്കമിതാണ്.

എപ്പോഴും ഓർക്കുക. ജമാഅത്തിന്റെ വ്യവസ്ഥിതി ഒരു കേന്ദ്രവ്യവസ്ഥിതിയാണ്. ഖുദ്ദാം, ലജ്ന, അൻസാർ തുടങ്ങിയവ ശാഖാ സംഘടനകളാണ്. ഈ ശാഖാ സംഘടനകളും നേരിട്ട് കാലത്തിന്റെ ഖലീഫയുടെ കീഴിലാണെന്നുള്ളത് ശരി. മാർഗ്ഗനിർദ്ദേശങ്ങൾ കാലത്തിന്റെ ഖലീഫയാണ് നല്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അവർ പ്രോഗ്രാം തയ്യാറാക്കുന്നത്. പക്ഷേ, ജമാഅത്തിന്റെ വ്യവസ്ഥിതി, അടിത്തറയാണ്. കാലത്തിന്റെ ഖലീഫ സ്ഥാപിച്ചിട്ടുള്ള വ്യവസ്ഥിതികളിൽ ഏറ്റവും ഉയർന്ന വ്യവസ്ഥിതിയാണത്. ഓരോ ശാഖാ സംഘടനകളുടേയും അംഗം ജമാഅത്തിന്റേയും അംഗമാണ്. ജമാഅത്തിന്റെ അംഗം എന്ന നിലയിൽ, അവർ ജമാഅത്തിന്റെ നിസാം പാലിക്കാൻ നിർബന്ധിതരാണ്. ജമാഅത്തിന്റെ ഏതെങ്കിലും ഭാരവാഹി ഏതെങ്കിലും യുവാവിനെ, ഏതെങ്കിലും ഖാദിമീനെ ജമാഅത്തംഗമെന്ന നിലയിൽ എന്തെങ്കിലും ജോലി ഏല്പിച്ചാൽ, അതിനോടൊപ്പം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാരവാഹിയിൽനിന്നും എന്തെങ്കിലും ജോലി ഏല്പിച്ചാൽ ആ ഖാദിം, ഖാദിമെന്ന നിലയിലല്ല മറിച്ച്, ജമാഅത്തംഗമെന്ന നിലയിൽ ഖുദ്ദാമുൽ അഹ്മദിയ്യായുമായി ബന്ധപ്പെട്ട ഭാരവാഹിയെ വിവരം അറിയിച്ച് ജമാഅത്തിന്റെ ഈ ഭാരവാഹി ഇന്ന ജോലി ഏല്പിച്ചിരിക്കുന്നുവെന്ന് പറയുകയും, ഞാൻ അത് ആദ്യം ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞ് ആ ജോലി ആദ്യം ചെയ്യുകയും വേണ്ടതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജോലി ശേഷം ചെയ്യുക. അടിയന്തിരഘട്ടത്തിൽ ഇങ്ങനെയാണ് ചെയ്യേണ്ടത്.

പക്ഷേ, ഊഴമനുസരിച്ചുള്ള പ്രവർത്തന കലണ്ടറുകൾ ജമാഅത്തിന്റേതും ശാഖാസംഘടനകളുടേതുമുണ്ട്. ജമാഅത്തിന്റെ കലണ്ടറാണ് ആദ്യം തയ്യാറായി ഇറങ്ങുന്നത്. അതുകൊണ്ട് ശാഖാസംഘടനകൾ അവരുടെ പരിപാടികൾ അതനുസരിച്ച് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. ഉദാഹരണത്തിന് ഇജ്തിമാ, ടൂർണമെന്റ്, അല്ലെങ്കിൽ വിവിധ ജൽസകൾ തുടങ്ങിയവ. അടിയന്തിരമായി ജമാഅത്തിന്റെ പരിപാടി എവിടെയെങ്കിലും സംഘടിപ്പിക്കേണ്ടിവന്നാൽ, ജമാഅത്തിന്റെ പരിപാടി എന്തായാലും ശാഖാ സംഘടനകളുടെ പരിപാടിയേക്കാൾ പ്രധാനമാണ്.

ശാഖാസംഘടനകളുടെ പരിപാടിയിൽ ജമാഅത്തിന്റെ സംഘാടകർക്ക് നേരിട്ട് ഇടപെടാൻ അവകാശമില്ല. ഇക്കാര്യവും വ്യക്തമായി മനസ്സിലാക്കിയിരിക്കണം. തദ്ദേശ ജമാഅത്ത് വ്യവസ്ഥിതി ശാഖാസംഘടനകളുടെ വ്യവസ്ഥിതിയേക്കാൾ ഉയർന്നതാണെങ്കിൽകൂടി പ്രസിഡന്റുമാർ, അമീറുമാർ തുടങ്ങിയവർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളിൽ കൈകടത്താൻ പാടുള്ളതല്ല; അതുപോലെ ലജ്നയുടെ പ്രവർത്തനങ്ങളിലും അൻസാറുല്ലായുടെ പ്രവർത്തനങ്ങളിലും കൈകടത്തരുത്. ശാഖാ സംഘടനകളിൽ ജമാഅത്ത് വിരുദ്ധമായ എന്തെങ്കിലും പ്രവർത്തനം നടക്കുന്നതായി അമീറുമാർ കണ്ടാൽ ഉടനെ അതുമായി ബന്ധപ്പെട്ട ശാഖാ സംഘടനയുടെ സദറിന് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. തദ്ദേശപരമായ നിലയിലാണെങ്കിൽ അമീറിനെ അറിയിക്കുകയും ഖായിദിന് മനസ്സിലാക്കിക്കൊടുക്കുകയും വേണം. എത്രയും വേഗം ഖലീഫയെ അക്കാര്യം അറിയിക്കേണ്ടതും നിർബന്ധമാണ്. കാരണം ജമാഅത്തിന്റെ പാരമ്പര്യ പരിശുദ്ധി എന്തായാലും നിലനിറുത്തേണ്ടത് അത്യാവശ്യമാണ്. പക്ഷേ, അവരുടെ പരിപാടികളിലൊന്നും നേരിട്ട് കൈകടത്താൻ പാടില്ലായെന്ന വ്യത്യാസം ഓർക്കേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽനിന്നും ഈ ചോദ്യമുണ്ടാകാറുണ്ട്. അതുകൊണ്ടാണ് ഞാനിത് ചുരുക്കിപ്പറയുന്നത്.

ലജനയുടെ മീറ്റിംഗിനെക്കുറിച്ചും ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ലജനയുടെ ചില തദ്ദേശ സംഘടനകളിൽനിന്ന് ഈ ചോദ്യം ഉയരാറുണ്ട്. അതായത്, മാസത്തിൽ നടക്കുന്ന പുരുഷന്മാരുടെ മീറ്റിംഗിൽ സ്ത്രീകളെ പങ്കെടുപ്പിക്കേണ്ടതുണ്ടോ? ലജനക്ക് അവരുടേതായ മീറ്റിംഗ് മാസത്തിൽ നടക്കാറുണ്ട്. അതുകൊണ്ട് മാസത്തിൽ നടക്കുന്ന ജമാഅത്തിന്റെ മീറ്റിം

ഗുകളിൽ ലജനയെ വിളിക്കേണ്ട കാര്യമില്ല. അതിൽ പങ്കെടുക്കൽ അവർക്ക് നിർബന്ധവുമല്ല. സീറത്തുന്നബി, യൗമെ മുസ്‌ലിഹ് മൗഊദ്, യൗമെ മസീഹ് മൗഊദ്, യൗമെ ഖിലാഫത്ത് തുടങ്ങിയ വലിയ യോഗങ്ങളിലോ അല്ലെങ്കിൽ കേന്ദ്രത്തിന്റെ നിർദ്ദേശപ്രകാരമോ മേഖലയുടെ നിർദ്ദേശപ്രകാരമോ നടക്കുന്ന മറ്റു പരിപാടികളിലോ ലജനകൾ തീർച്ചയായും പങ്കെടുക്കേണ്ടതാണ്. അതിനുപുറമെ ലജനയ്ക്ക് സ്വയം ഈ മീറ്റിംഗുകൾ നടത്താവുന്നതുമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ശാഖാ സംഘടന രൂപീകരിച്ചതിന്റെ ഉദ്ദേശ്യം ജമാഅത്തിലെ ഓരോ വിഭാഗങ്ങളേയും ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുപ്പിക്കുക എന്നതാണ്. ജമാഅത്തിന്റെ അഭിവൃദ്ധിയുടെ ഒഴുക്കിന് വേഗം കൂട്ടുക എന്നതാണിതിന്റെ ഉദ്ദേശ്യം. ഓരോ ശാഖാസംഘടനക്കും അവരവരുടേതായ പ്രവർത്തനരൂപരേഖ ഉണ്ടായിരിക്കണം; ഒരുകൂട്ടർ മറ്റൊരു കൂട്ടരെക്കണ്ട് ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്ന നിലയിൽ പരസ്പരം മത്സരിച്ച് മുന്നേറാനുള്ള ആത്മാവുണ്ടാക്കാനാണിത്. റെയിൽപാളം പോലെ, സമാന്തരമായി രണ്ടും പ്രവർത്തിക്കണം. തമ്മിൽ കൂട്ടിയിടിക്കുന്ന പ്രശ്നമേയുദിക്കുന്നില്ല. ഇതും അല്ലാഹു നല്കിയ സമ്മാനങ്ങളിൽ ഒരു സമ്മാനമാണ്. ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും വണ്ടി ആ പാളത്തിലൂടെ സഞ്ചരിച്ച് നിലകൾ താണ്ടി ദൂരെദൂരത്തെത്താൻ അതിനെ ആദരിക്കുകയും വേണം. ഇസ്‌ലാമിന്റെ പതാക ലോകത്ത് പാറിക്കളിക്കുന്നത് നമുക്ക് കാണുമാറാകണം.

ജൽസയുമായി ബന്ധപ്പെട്ട ഒരു കാര്യം സ്ത്രീകളോട് പറയാൻ ആഗ്രഹിക്കുകയാണ്. പരിപാടികൾ നടക്കുമ്പോൾ സ്ത്രീകളുടെ പന്തലിൽ ഒരുപാട് ഒച്ചയും ബഹളവുമുണ്ടാകുന്നു എന്ന പരാതി പൊതുവെ സ്ത്രീകളിൽനിന്നാണുണ്ടായിരുന്നത്. എന്റെ പ്രസംഗത്തിനിടയിലും കുട്ടികൾ കാരണത്താൽ കുറച്ച് ബഹളം ഉണ്ടാകുമായിരുന്നു. യുകെയിൽ നടക്കുന്നതുപോലെ ഇവിടേയും കുട്ടികളുള്ള ഉമ്മമാർക്കിരിക്കാൻ പ്രത്യേക പന്തലിടണമെന്ന് ഞാൻ സംഘാടകരോട് പറഞ്ഞിരുന്നു. മെയിൻ പന്തലിൽ ബഹളം ഏറ്റവും കുറയ്ക്കാനാണ് ഇങ്ങനെ ചെയ്തത്. സ്ത്രീകൾ ബഹളം വയ്ക്കുകയും സംസാരിക്കുകയും ചെയ്തിട്ട് കുട്ടികളെ പഴിചാരാനുള്ള അവസരം മുമ്പേ അവർക്ക് കിട്ടിയിരുന്നു.

എന്തായാലും ഇപ്രാവശ്യം അസാധാരണമായ നിലയിൽ എന്റെ പ്രസംഗത്തിന്നിടയിൽ സ്ത്രീകൾ നിശ്ശബ്ദത പാലിച്ചു. ആ നിശ്ശബ്ദത കണ്ടിട്ട് എനിക്ക് അത്ഭുതം തോന്നിയിരുന്നു. ഞാനതിൽ സന്തോഷിക്കുകയും ചെയ്തു. കുട്ടികളെ പഴിചാരിക്കൊണ്ട് സ്ത്രീകൾ സംസാരിക്കുന്നുണ്ടെന്ന എന്റെ തെറ്റായ ധാരണയിൽ ഞാൻ വ്യസനിക്കുകയും ചെയ്തിരുന്നു. പക്ഷേ, എന്റെ ആ സദ്ഭാവന കുറച്ചുനേരം കഴിഞ്ഞപ്പോൾ അകന്നുപോയി. എന്റെ തെറ്റായ ധാരണയല്ലായിരുന്നു അതെന്ന് എനിക്ക് മനസ്സിലായി. എന്റെ പ്രസംഗം കൂടാതെയുള്ള പ്രസംഗങ്ങളിൽ സ്ത്രീകൾ തീരെ നിശ്ശബ്ദത പാലിച്ചില്ല. ഒരു വലിയ വിഭാഗം സ്ത്രീകൾ തുടർച്ചയായി സംസാരിച്ചുകൊണ്ടിരുന്നു. അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന സ്ത്രീകൾ പറഞ്ഞിട്ടും അവർ നിശ്ശബ്ദരായില്ല. ആരോ പറഞ്ഞത്, ആദ്യം ഇന്നവളോട് മിണ്ടാതിരിക്കാൻ പറയുക, എന്നാൽ, ഞാൻ മിണ്ടാതിരിക്കും എന്നായിരുന്നു. ചിലർ ചോദിച്ചത്, ഞങ്ങളുടെ ഭർത്താക്കന്മാർ ഞങ്ങളെ കാണാൻ സമ്മതിക്കാറില്ല. ഒരുപാട് നാളുകൾക്കുശേഷമാണ് ഞങ്ങൾ തമ്മിൽ കണ്ടത്, എന്നിട്ടും സംസാരിക്കാൻ പാടില്ല എന്നാണോ പറയുന്നത് എന്നായിരുന്നു. സദുദ്ദേശ്യത്തോടെ ജൽസ പരിപാടികൾ കേൾക്കാൻവന്ന പാവം സ്ത്രീകൾക്ക് ഒച്ചയും ബഹളവും കാരണം അത് കേൾക്കാനോ ഫലമെടുക്കാനോ കഴിഞ്ഞില്ല. തങ്ങളെ പരിപാടി കേൾക്കാൻ സമ്മതിക്കുന്നില്ലല്ലോ എന്നു പറഞ്ഞ് ഒരുപാട് സ്ത്രീകൾ കരയുന്നുണ്ടായിരുന്നു. മൈക്രോഫോണിൽനിന്നുള്ള ശബ്ദം കേൾക്കാൻ പറ്റാത്തത്ര ബഹളമായിരുന്നു ഒരുനേരത്ത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യം ആളുകൾ പാലിക്കാത്ത കാരണത്താൽ ഒരു വർഷം ജൽസ നടത്തിയിരുന്നില്ല. വിശാലരീതിയിലുള്ള ലജനയുടെ ജൽസ നിറുത്തിയാലോ എന്ന് ഞാനും ചിന്തിക്കുകയാണ്. ചെറിയതോതിലുള്ള റീജിയണൽ ജൽസ അവർക്കായി സംഘടിപ്പിക്കുക. പിന്നീട് ശിക്ഷണം കിട്ടിക്കഴിഞ്ഞാൽ അത് തൃപ്തികരമെന്ന് ബോധ്യമായാൽ കേന്ദ്ര ജൽസയിൽ പങ്കെടുപ്പിക്കുക.

അല്ലെങ്കിൽ രണ്ടാമത്തെ രീതി, അവർക്ക് അല്പം മനസ്സിലാക്കിക്കൊടുക്കുന്നതിനായി ഞാൻ നേരിട്ട് ലജനയോട് പ്രസംഗിക്കുന്നത് നിറുത്തുക എന്നതാണ്. അതായത്, ഈ വർഷം ലജ്ന എല്ലാ പരിപാടികളും നിശ്ശബ്ദതയോടെ കേട്ടു എന്നറിയാൻ കഴിയുന്നതുവരെ ലജ്നയെ സംബോധന ചെയ്ത് ഞാൻ സംസാരിക്കാതിരിക്കുക.

ജൽസ കേൾക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം വരുന്ന സ്ത്രീകളുടെ വലിയൊരു വിഭാഗത്തിന് എന്റെ വാക്കുകൾ വളരെ വിഷമമുണ്ടാക്കുമെന്ന് എനിക്കറിയാം. പക്ഷേ, ചികിത്സയ്ക്ക് ചിലപ്പോൾ കയ്പ്പുള്ള ഗുളികയും കൊടുക്കേണ്ടിവരും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുവർഷം ജൽസ സംഘടിപ്പിക്കാതിരുന്നതുപോലെ- വാസ്തവത്തിൽ വളരെ ആത്മാർത്ഥതയോടെ വലിയൊരു ജനവിഭാഗം ജൽസാ പരിപാടികൾ കേൾക്കാൻ വന്നിരുന്നതാണ്- ഇവിടേയും ചെയ്താൽ ഒരുപക്ഷേ മാറ്റമുണ്ടാകും. അല്ലെങ്കിൽ വളരെ താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി ജൽസ പരിപാടികൾ കേൾക്കുന്ന നവഅഹ്മദികളും കുറച്ചുമാത്രം സംസാരശീലമുള്ളവരുമായ 20,25 വയസ്സുള്ള

സ്ത്രീകൾക്ക് കേന്ദ്രജൽസയിൽ പങ്കെടുക്കാൻ അനുവാദം കൊടുത്തുകൊണ്ട് മറ്റുള്ളവരെ നിയന്ത്രിക്കുക.

ഇത് ഇവിടുത്തെ കാര്യം മാത്രമല്ല. മറിച്ച്, എന്റെ പ്രതിനിധികൾ മുഖേന വിവിധ രാജ്യങ്ങളിലെ ജമാഅത്തുകളിൽനിന്ന് റിപ്പോർട്ടെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ സ്ഥാനം സ്ത്രീകൾ മനസ്സിലാക്കാനും ഉത്തരവാദിത്തങ്ങൾ നിറവേറ്റാനും അവരോട് ഒരുപാട് പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണ്. പക്ഷേ, വളരെ കുറച്ചുപേർ മാത്രമേ അത് ശ്രദ്ധിക്കുന്നുള്ളൂ. എന്റെ പ്രസംഗത്തിനിടയിൽ ലജനയുടെ പന്തലിൽ പൂർണ്ണനിശ്ശബ്ദതയായിരുന്നു. ഞാൻ മനസ്സിലാക്കി എന്റെ വാക്കുകളനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നുവെന്ന്. പക്ഷേ, ഞാൻ പന്തലിൽനിന്ന് പുറത്ത് വന്നുടനെ അവരുടെ ബഹളം തുടങ്ങി. അതേബഹളം. അതേ കാര്യം. മുഴുവൻ പരിപാടിയിലും ഇതുതന്നെയായിരുന്നു അവസ്ഥ.

ഓർമ്മിക്കുക, പഴയ അഹ്മദികൾക്കും ഇത് ചിന്തിക്കാനുള്ള നിമിഷമാണ്. നിങ്ങൾ ഇങ്ങനെയുള്ള പ്രവർത്തി നടത്തുമ്പോൾ പുതിയതായി വരുന്നവർ ആത്മാർത്ഥതയിൽ വളരുന്നുവെന്ന കാര്യം ഓർക്കുക. പഴയ ആളുകൾക്ക് ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞതിൽ പരസ്പരമുള്ള ബന്ധം വർദ്ധിപ്പിക്കുക എന്ന ഒരേയൊരു കാര്യം മാത്രമേ ഓർമ്മയുള്ളൂ എന്നു തോന്നുന്നു. കർമ്മങ്ങൾ സാഹചര്യവും സന്ദർഭവും അനുസരിച്ച് ചെയ്യുന്നില്ലെങ്കിൽ അത് ശരിയാണെങ്കിലും നല്ലതാണെങ്കിലും സൽകർമ്മം എന്നു പറയപ്പെടുകയില്ല. ലജനയുടെ സംഘടനയും താഴെത്തട്ട് തുടങ്ങി, അതായത് തദ്ദേശ സംഘടന തുടങ്ങി മേലെത്തട്ടായ കേന്ദ്ര സംഘടനവരെ തർബിയ്യത്തിൽവന്നിട്ടുള്ള ഈ കുറവിന് ഉത്തരവാദികളാണെന്ന് ഞാൻ മനസ്സിലാക്കുന്നു. വലിയ വലിയ മസ്അലകൾ ഓർമ്മവയ്ക്കുന്നതിനേക്കാൾ ഉത്തമം ആദ്യം സ്വയം ശിക്ഷണമുള്ളവരാകുക എന്നതാണ്. ഞാൻ പറഞ്ഞതുപോലെ ജമാഅത്തിലേക്ക് പുതിയതായി വരുന്നവർ തങ്ങളുടെ ആത്മാർത്ഥയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തെല്ലായിടത്തും ഇത് കാണാം. ഇവരെ കാണുമ്പോൾ സന്തോഷമുണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുതആല നന്മയിലും ആത്മാർത്ഥതയിലും വളരുന്ന ജനങ്ങളെ ഓരോ രാജ്യത്തും നല്കി, നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അത് കാണുമ്പോൾ മനസ്സിൽനിന്ന് അനിയന്ത്രിതമായി ദൈവസ്തുതി ഉയരുകയും അല്ലാഹുവിന് ശുക്ർ ചെയ്യുകയും ചെയ്യുന്നു. എന്നാൽ, പഴയ അഹ്മദികളുടെ ത്യാഗങ്ങളെ അവരുടെ മക്കൾ പാഴാക്കിക്കളയുമോ എന്നും ചിന്തിച്ചുപോകുന്നു. ഇസ്ലാമിന്റെ പ്രിയപ്പെട്ട അധ്യാപനത്തിന്റെ വലിയ സ്വാധീനമാണ് ജർമ്മൻകാരിലുള്ളത്; പ്രത്യേകിച്ച് അഹ്മദിയായിക്കൊണ്ടിരിക്കുന്ന യുവാക്കളിലും യുവതികളിലും. കഴിവിന്റെ പരമാവധി എല്ലാ കല്പനകളും അംഗീകരിക്കാനും അത് നടപ്പിൽവരുത്താനും അവർ ശ്രമിക്കുന്നു. താൽക്കാലികമായ അനുസരണമല്ല. മറിച്ച്, അനുസരണത്തിന്റെ നുകം സ്ഥിരമായി തങ്ങളുടെ പിടലിയിൽ വയ്ക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

ഇപ്പോൾ ഇവിടെ നവഅഹ്മദികളുടെ സംഖ്യ നൂറുക്കണക്കിനേയുള്ളൂ. ഈ ചെറുവിഭാഗത്തിലും അനുസരണത്തിന്റേയും സേവനത്തിന്റേയും വികാരം പ്രകടമായിക്കാണുന്നു. ഈ ആളുകൾ തെളിഞ്ഞു മുന്നിൽ വരുന്നു. ഇൻശാഅല്ലാഹ് ഈ സംഖ്യ ആയിരങ്ങളിലും ലക്ഷങ്ങളിലും എത്തിച്ചേരുന്ന കാലം വിദൂരമല്ല. അതുകൊണ്ട് ഞാൻ ജർമ്മൻകാരായ അഹ്മദികളോടും പറയുകയാണ് ഇസ്ലാമിന്റെ അധ്യാപനം നിങ്ങളുടെ ജീവിതത്തിൽ നടപ്പിൽവരുത്തുന്നതിനോടൊപ്പം സന്മാർഗ്ഗത്തിന്റെ ദീപമായിക്കൊണ്ട് നിങ്ങളുടെ നാട്ടുകാരായ സഹോദരങ്ങളിലും ഈ അധ്യാപനം പരത്തുക. നിങ്ങൾക്ക് കിട്ടിയ ഇസ്ലാമിന്റെ വെളിച്ചംകൊണ്ട് മറ്റുള്ളവരുടെ മനസ്സുകളും തെളിക്കുക. ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുക. ഇസ്ലാം അക്രമവാസനയുള്ള മതമാണെന്ന പേരുദോഷം കഴുകിക്കളയുക.

കഴിഞ്ഞദിവസം ഇവിടെ ജർമ്മനിയിൽ കുറച്ച് ചെറുപ്പക്കാർ അറസ്റ്റിലായി. അവരിൽ ചിലർ ജർമ്മൻകാരും ചിലർ തുർക്കികളുമായിരുന്നു. അവർ ഭീകരപ്രവർത്തനം നടത്താനുള്ള ശ്രമത്തിലായിരുന്നു. പാക്കിസ്ഥാനിൽനിന്ന് പരിശീലനം നേടി വന്നവരാണെന്ന് പറയപ്പെടുന്നു. ഒരുവലിയ നഷ്ടത്തിൽനിന്ന് അല്ലാഹു ഈ രാജ്യത്തെ രക്ഷിച്ചു.

ഈ വഴിതെറ്റിയ ചെറുപ്പക്കാർക്കും ഇസ്ലാമിന്റെ ശരിയായ പാഠം എത്തിച്ചുകൊടുക്കുക. ഇവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്ലാമിനെ ഇസ്ലാമായി കാണരുതെന്നും യഥാർത്ഥ ഇസ്ലാമിനുവേണ്ടി ഞങ്ങളുടെയടുത്ത് വരികയെന്നും ഞങ്ങൾ പറയുന്നത് കേൾക്കുക എന്നും അവരോട് പറയുക. ഈ സന്ദേശമെത്തിക്കാൻ എല്ലാ പരിപാടികളുമടങ്ങിയ പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. നന്ദി പ്രകടിപ്പിക്കാനും അല്ലാഹുവിന്റെ യഥാർത്ഥ ദാസരാകാനുമുള്ള രീതിയാണിത്.

പാക്കിസ്ഥാനി അഹ്മദികളോട് ഞാൻ പറയുന്നു നിങ്ങൾ നിങ്ങളുടെ അവസ്ഥയിൽ ആദ്യത്തേക്കാൾ കൂടുതൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കുക. നിങ്ങളിൽ വിപ്ലവം ഉണ്ടാക്കിത്തീർക്കുക. ഇതാണ് ശരിയായ നന്ദി പ്രകടനരീതി. അഹ്മദിയ്യത്തിനുവേണ്ടി ത്യാഗം വരിച്ച നിങ്ങളുടെ മഹാത്മാക്കളുടെ പേരിനെ ജീവനോടെ നിലനിർത്താനുള്ള രീതിയാണിത്. ജമാഅത്തംഗങ്ങളായിക്കൊണ്ട് കടമകൾ നിറവേറ്റാനുള്ള രീതിയും ഇതുതന്നെയാണ്. അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കു

മാറാകട്ടെ.

ജൽസയുടെ അനുഗ്രഹങ്ങളിൽ ഒരനുഗ്രഹം ഇങ്ങനേയും കിട്ടി. അല്ലാഹുതആല ഈ ദിനങ്ങളിൽ 11 സ്ത്രീപുരുഷന്മാർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം നല്കി. പുരുഷന്മാരും എന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്തു. നിങ്ങളത് കണ്ടിട്ടുണ്ടാകും. ഈ വർഷം ചേർന്നവരും ജൽസയുടെ അവസരത്തിൽ ചേർന്ന അഞ്ചാറ് പുരുഷന്മാരുമാണ് ബയ്അത്ത് ചെയ്തത്. അപ്പോഴും ഞാൻ ഈ നവഅഹ്മദികളുടെ അത്ഭുതകരമായ മാനസികാവസ്ഥ കണ്ടു.

ഇപ്രാവശ്യം അധികമാരും അറിയാത്ത ഒരുകാര്യംകൂടി പറയട്ടെ. ഞാൻ ജർമ്മനി സ്ത്രീകളിൽനിന്നും ഇപ്രാവശ്യം നേരിട്ട് ബയ്അത്ത് വാങ്ങി. അതിങ്ങനെയായിരുന്നു. എന്റെ ഭാര്യയുടെ കൈയിൽ ഞാൻ പിടിച്ചുകൊണ്ടും പിന്നിലിരുന്നവർ അവരെ സ്പർശിച്ചുകൊണ്ടും അറുപത് എഴുപത് സ്ത്രീകൾ ചങ്ങലപോലെയിരുന്നാണ് ബയ്അത്ത് ചെയ്തത്.

ബയ്അത്ത് ചെയ്തവരിൽ അടുത്തകാലത്ത് ബയ്അത്ത് ചെയ്തവരും ഉണ്ടായിരുന്നു. പൊതുവെ എല്ലാ സ്ത്രീകളുടേയും പ്രത്യേകിച്ച് പുതിയതായി ബയ്അത്ത് ചെയ്തവരുടെ മാനസികാവസ്ഥ അത്ഭുതമുളവാക്കുന്നതായിരുന്നു. അവരുടെ ആത്മാർത്ഥതയിൽനിന്നും മാനസികഭാവങ്ങളിൽനിന്നും, അല്ലാഹുവിൽനിന്ന് അവസാനം വന്ന ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)ന്റെ അഭയകേന്ദ്രത്തിൽ എത്തിയപ്പോൾ അവരിൽ ഉണ്ടായ മാറ്റം വ്യക്തമായും കാണാമായിരുന്നു. ബയ്അത്തിന്റെ വാക്കുകൾ പറയാനാരംഭിച്ചതോടെ അവർ വിതുമ്പാൻ തുടങ്ങി. ബയ്അത്തിനുശേഷം ദുആ ചെയ്യുന്ന അവസരത്തിലുണ്ടായ അവരുടെ അവസ്ഥ വിവരണാതീതമാണ്. പിന്നീടറിയാൻ കഴിഞ്ഞത്, ഞാൻ വന്നതിനുശേഷം അവർ ശുക്റിന്റെ സുജൂദ് ചെയ്തുകൊണ്ടിരുന്നുവെന്നാണ്.

അല്ലാഹുവിനെ മറന്നുകഴിയുന്ന സമൂഹത്തിൽ നിന്നുവന്ന ചെറുപ്പക്കാരികളാണവർ. അവർ അല്ലാഹുവിന്റെ മസീഹും നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുമായി ബന്ധം സ്ഥാപിച്ചു. ദുൻയാവിനേയും തങ്ങളുടെ സമൂഹത്തേയും നേരിട്ടുകൊണ്ടാണ് അവർ ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനോട് സ്നേഹത്തിന്റേയും കൂറിന്റേയും സത്യസന്ധതയുടേയും ജീവസ്സുറ്റ ബന്ധം സ്ഥാപിച്ചത്.

ഇതും ജൽസയുടെ അനുഗ്രഹമാണ്. നമ്മൾ എപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുകയും ബയ്അത്തിന്റെ നിബന്ധനകളിൽ അടിയുറച്ചു നിന്ന് പ്രവർത്തിക്കുകയും അല്ലാഹുവിനേയും റസൂലിനേയും പരിപൂർണ്ണമായും പിൻപറ്റുകയും ചെയ്യുമ്പോഴാണ് അവൻ ഇത്തരം ഫലം നല്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ ഫലപ്രദനായ അംഗം എന്ന് പറയപ്പെടുന്നതും അപ്പോഴാണ്. അല്ലെങ്കിൽ ഉണങ്ങിപ്പോയ കൊമ്പുപോലെയായിരിക്കും. കത്തിക്കാൻ ഉപയോഗിക്കാം എന്നല്ലാതെ അതുകൊണ്ട് ഫലമൊന്നുമില്ല.

അതുകൊണ്ട് അഹ്മദികൾ ഉണക്കശാഖകൾ ആകുന്നതിനു പകരം പച്ചളിപ്പുള്ളതും പഴംപിടിക്കുന്നതുമായ ശാഖകൾ ആകേണ്ടതാണ്. ഉള്ളിൽ പരിവർത്തനം ഉണ്ടാക്കുകയും അല്ലാഹുവിന്റെ നല്ല ദാസരായിത്തീരുകയും അവനോട് നന്ദി കാണിക്കുകയും ചെയ്തുകൊണ്ട് ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് ഫലമെടുക്കുക. അല്ലാഹു നമുക്കതിന് സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 7.9.2007 at Baithunnoor, Holland

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala